# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1330

07.06.2018-ൽ മറുപടിക്ക്

## സബ്-രജിസ്ട്രാർ ഓഫീസുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.കെ.എൻ.എ. ഖാദർ** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) സബ്-രജിസ്ട്രാർ ഓഫീസുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും ശോചനീയാവസ്ഥയും കാരണം പൊതുജനങ്ങൾ പ്രത്യേകിച്ചും വൃദ്ധജനങ്ങൾ അനുഭവിക്കുന്ന കഷ്ടതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) രജിസ്ട്രേഷൻ നടപടികൾ ആധുനിക-വത്കരിക്കുന്നതോടൊപ്പം ഓഫീസുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനും കൂടി മുൻതൂക്കം കൊടുത്തുകൊണ്ടുള്ള വികസന പരിപാടികൾ ആസൂത്രണം ചെയ്യാമോ? | ബി) രജിസ്ട്രേഷൻ വകുപ്പിലെ ആകെയുള്ള 315 സബ് രജിസ്ട്രാർ ഓഫീസുകളിൽ 209 ഓഫീസുകൾ മാത്രമാണ് സർക്കാർ വക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നത്. ഇവയിലെല്ലാം തന്നെ ജീവനക്കാർക്കും, പൊതുജനങ്ങൾക്കും അവശ്യം വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. സ്വകാര്യ വ്യക്തികളുടേയോ മറ്റ് സ്ഥാപനങ്ങളുടെയോ കെട്ടിടങ്ങളിൽ വാടകയ്ക്ക് പ്രവർത്തിക്കുന്ന ഓഫീസുകൾക്ക് രജിസ്ട്രേഷൻ വകുപ്പിന്റെ പ്രവർത്തനത്തിനനുസൃതമായ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയുണ്ട്. ഇവയ്ക്ക് കെട്ടിട നിർമ്മാണത്തിന് സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് അടിസ്ഥാന സൗകര്യമുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ